# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XIII
## (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം
## (SOCIAL SERVICES)

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 236(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്**
**(Presented on 24th August, 2020)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

# പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XIII

## (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം

## (SOCIAL SERVICES)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികൾ സംബന്ധിച്ച ആക്ഷൻ
ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ
236-ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 236(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

626/2020.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

## (2019-2021)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u>:

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ,
ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശുവികസനവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി സി. കെ. ആശ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. എം. മുകേഷ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രാജേശ്വരി ആർ., അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതിയുടെ പരിഗണനയ്ക്ക് വിധേയമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2020 ജൂലൈ 24-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

എ. കെ. ബാലൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2020 ജൂലൈ 24.

# റിപ്പോർട്ട്

## അദ്ധ്യായം 1

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും.

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

## പട്ടികജാതി വികസന വകുപ്പ്

### ഖണ്ഡിക 1

2225-01-277-99-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ സ്കോളർഷിപ്പും സ്റ്റൈപ്പന്റും-സ്കോളർഷിപ്പുകളും-സ്റ്റൈപ്പന്റുകളും

പ്രീ-മെട്രിക് പഠനങ്ങൾക്കായി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ലംപ്സംഗ്രാന്റ് 2019-20 സാമ്പത്തിക വർഷം 25% വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള തുക നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2225-01-277-99-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ സ്കോളർഷിപ്പും സ്റ്റൈപ്പന്റും-സ്കോളർഷിപ്പുകളും-സ്റ്റൈപ്പന്റുകളും എന്ന ശീർഷകത്തിൽ 9 കോടി രൂപയോളം അവശേഷിക്കുന്നുണ്ട്. ആയതിനാൽ അധിക തുക അനുവദിക്കുന്നതിനായി പ്രത്യേക പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 25-1-2020-ലെ എ 1/190/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

### ഖണ്ഡിക 2

2225-01-277-53—പോസ്റ്റ് മെട്രിക് സ്റ്റുഡൻസിനുള്ള അധിക സംസ്ഥാന സഹായം

കേന്ദ്ര സർക്കാരിൽ നിന്ന് സ്കോളർഷിപ്പുകൾ ഒന്നും തന്നെ ലഭ്യമാകാത്ത പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് സംസ്ഥാന ധനസഹായം നൽകുന്നതിനും കേന്ദ്ര

സഹായം ലഭിക്കുന്നവർക്ക് ആയത് സംസ്ഥാന സഹായത്തിന്റെ നിരക്കിൽ ലഭ്യമാക്കുന്നതിനും ആവശ്യമായ അധികതുക അനുവദിക്കുന്നതിന് പ്രസ്തുത ശീർഷകത്തിൽ 125 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 51.71 കോടി രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളുവെന്നും പ്രസ്തുത തുക വളരെ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 73.29 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2225-01-277-53—പോസ്റ്റ് മെട്രിക് സ്റ്റുഡൻസിനുള്ള അധിക സംസ്ഥാന ധനസഹായം (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതമായ 51.71 കോടി രൂപ ചെലവഴിക്കുന്നതിനായുള്ള ഭരണാനുമതി വൈകിയാണ് ലഭിച്ചത്. പുതിയ ശീർഷകമായതിനാൽ ബിൽ മാറുന്നതിന് ways & means ക്ലിയറൻസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചാണ് നടപ്പ് വർഷം സാംഗ്ഷൻ ചെയ്തിട്ടുള്ള ഇ-ഗ്രാന്റ്സ് അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആനുകൂല്യ വിതരണം ആരംഭിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അധിക തുക ആവശ്യമായി വരുന്ന സ്ഥിതിയില്ല. ആയതിനാൽ 2225-01-277-53 (പി) ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധിക തുക അനുവദിക്കുന്നതിനായി നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 25-1-2020-ലെ എ 1/190/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക 3</u>

2225-01-800-57—<u>പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പൊതുശേഖര ഫണ്ട് (ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം)</u>

2018-19 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 100 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും പ്ലാൻ കട്ടിന്റെ ഭാഗമായി 62.92 കോടി രൂപയായി കുറവ് ചെയ്തിരുന്നു. ഈ സ്കീമിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ 1/3 ഭാഗം പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ട വിഹിതമാണ്. മുൻവർഷങ്ങളിലെ സ്പിൽ ഓവർ കൂടി തനത് വർഷത്തിൽ നിന്ന് അനുവദിക്കേണ്ടതുണ്ട്. കൂടാതെ പ്രളയംമൂലം ജീവിത മാർഗ്ഗം നഷ്ടപ്പെട്ടവർക്കുള്ള പ്രത്യേക പദ്ധതികൾ, പട്ടികജാതി കോളനികളിലെ പശ്ചാത്തല വികസന പദ്ധതികൾ, കാവുകളുടെ പുനരുദ്ധാരണം,

മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം മുതലായവയും മറ്റ് സ്കീമുകളുടെ ക്രിട്ടിക്കൽ ഗ്യാപ് നികത്തുന്നതിനും വേണ്ടിയുള്ള പദ്ധതിയായതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 100 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പദ്ധതികൾക്കായി 21,04,41,913 (ഇരുപത്തിയൊന്ന് കോടി നാല് ലക്ഷത്തി നാൽപ്പത്തി ഒന്നായിരത്തി തൊള്ളായിരത്തി പതിമൂന്ന് രൂപ)യ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ശീർഷകത്തിൽ 80% ൽ അധികരിച്ച് ചെലവ് രേഖപ്പെടുത്തുന്ന മുറയ്ക്ക് 50 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തുന്നതിന് നിർദ്ദേശം സമർപ്പിക്കുന്നതാണ്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 10-1-2020-ലെ ബി2/206/ 2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക 4

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ-സ്കോളർഷിപ്പുകളും-സ്റ്റൈപ്പന്റുകളും

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇതര വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്നതിനും പോസ്റ്റ് ഗ്രാജ്വേറ്റ്/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസ് സൗജന്യം നൽകുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ കുടിശ്ശിക തീർക്കുന്നതിനും നടപ്പ് വർഷത്തെ ആനുകൂല്യം പൂർണ്ണമായി വിതരണം ചെയ്യുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 92.49 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

FC/KPCR വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ആനുകൂല്യ വിതരണത്തിനായി പ്രസ്തുത ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം 16 കോടി രൂപ വകയിരുത്തിയിരുന്നു. 2015-16 മുതൽ 2018-19 വരെയുള്ള

കടിശ്ശികയിനത്തിൽ ആവശ്യമായ 93.96 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ/റീഅപ്രോപ്രിയേഷൻ മുഖേനയോ അനുവദിക്കുവാൻ പ്രൊപ്പോസൽ സമർപ്പിക്കുകയും G. O. (Rt.) 7037/2019/Fin. തീയതി 2-9-2019 പ്രകാരം 15 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ഇതുവരെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 25-1-2020-ലെ എ 1/190/ 2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക 5</u>

4225-01-277-87—<u>ഭൂമി ഏറ്റെടുക്കൽ കേസുകൾക്ക് നൽകുന്ന നഷ്ടപരിഹാരം</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നഷ്ടപരിഹാര തുക നൽകുന്നത് പരിഗണിച്ച് ബഡ്ജറ്റിൽ പുതുതായി ഉൾക്കൊള്ളിച്ച ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കേണ്ടതായി വരുമ്പോൾ നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിലേക്കായി പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഭൂമി ഏറ്റെടുക്കൽ കേസുകളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് അധികതുക നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണ്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 10-1-2020-ലെ ബി2/206/ 2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

**ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും**

## സാമൂഹ്യനീതി വകുപ്പ്

<u>ഖണ്ഡിക 16</u>

2235 -02-101-85—<u>ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട്</u>

നിഷിന്റെ വികസനത്തിന് അനിവാര്യമായ, അക്കാഡമിക്/ക്ലിനിക്കൽ ബ്ലോക്കിന് ആവശ്യമായ 80 കോടി രൂപയുടെ ആദ്യവിഹിതമായി ഏഴ് കോടി രൂപ ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 7 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക പരിമിതിമൂലം തുക അനുവദിക്കാൻ സാധിക്കില്ല.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 20-2-2020-ലെ എ 3/143/2019/സാ.നീ.വ. നമ്പർ കത്ത്]

## ആഭ്യന്തര വകുപ്പ്

### ഖണ്ഡിക 47

2235-02-106-98-34-3—ദുർഗുണ പരിഹാര പാഠശാല-മറ്റുചെലവുകൾ-മറ്റിനം

ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികളുടെ എണ്ണത്തിലുള്ള വർദ്ധനവും അവർക്കുള്ള മരുന്ന്, ചികിത്സാ ചെലവ് എന്നീ ഇനങ്ങളിൽ ഉണ്ടായ വില വർദ്ധനവ് കണക്കിലെടുത്തും ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധികമായി 3 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

[ആഭ്യന്തര (ബി) വകുപ്പിന്റെ 31-12-2019-ലെ ബി2/247/2019/ആഭ്യന്തരം നമ്പർ കത്ത്]

## പൊതുഭരണ വകുപ്പ്

### ഖണ്ഡിക 48

2235-02-190-97-31—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം-സഹായധനം-ശമ്പളം

കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫിലുള്ളവർക്ക് ശമ്പളത്തിനായി തുക ബഡ്ജറ്റിൽ അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായമായി 2235-02-190-97-31—ശമ്പളം ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം ശമ്പളത്തിനായി വകയിരുത്തിയിട്ടുള്ള 51,03,000 രൂപ വിനിയോഗിച്ചശേഷം അധിക തുക അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

[പൊതുഭരണ (ഏകോപന) വകുപ്പിന്റെ 17-1-2020-ലെ സി.ഡി.എൻ4/134/19/പൊ.ഭ.വ. നമ്പർ കത്ത്]

<u>ഖണ്ഡിക 49</u>

2235-02-190-97-34—<u>കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനുള്ള ധനസഹായം - മറ്റുചെലവുകൾ</u>

2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 'സമുന്നതി മംഗല്യ സഹായനിധി' എന്ന പേരിൽ പുതിയ പദ്ധതി പ്രഖ്യാപിച്ചിരുന്നു. എന്നാൽ പദ്ധതി നടത്തിപ്പിലേക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. പ്രസ്തുത പദ്ധതി 2019-20 സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുന്നതിനായി 1 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മംഗല്യ സമുന്നതി പദ്ധതിക്ക് സ. ഉ. (സാധാ.) നമ്പർ 6016/2019/പൊ.ഭ.വ. തീയതി 18-10-2019 പ്രകാരം 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

[പൊതുഭരണ (ഏകോപന) വകുപ്പിന്റെ 17-1-2020-ലെ സി.ഡി.എൻ4/134/19/പൊ.ഭ.വ. നമ്പർ കത്ത്]

<u>ഖണ്ഡിക 51</u>

2235-60-200-88—<u>സൈനിക ക്ഷേമ ഡയറക്ടറേറ്റ്</u>

സൈനിക ക്ഷേമ ഡയറക്ടറേറ്റിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പുതിയതായി കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനുള്ള ചെലവിലേക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സൈനിക ക്ഷേമ ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കിയപ്പോൾ കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും ആവശ്യമായി വരാത്തതിനാൽ പ്രസ്തുത ഇനങ്ങൾക്കുവേണ്ടി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

(സൈനിക ക്ഷേമ വകുപ്പിന്റെ 25-2-2020-ലെ SW3/167/2019/സൈ.ക്ഷേ.വ. നമ്പർ കത്ത്)

ഖണ്ഡിക 52

2235-60-200-87—ജില്ലാ സൈനികക്ഷേമ ഓഫീസുകൾ

ജില്ലാ സൈനിക ക്ഷേമ ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനും പുതിയതായി കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനും K-swan connectivity-ക്കു വേണ്ടിയും ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജില്ലാ സൈനിക ക്ഷേമ ഓഫീസുകളിൽ ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കുന്നതിനായി പുതുതായി കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനും K-swan connectivity-ക്കുവേണ്ടിയും 55 ലക്ഷം രൂപ അനുവദിക്കുന്നതിനായി 2019-20-ലെ 1st Batch SDG-യിൽ Additional Authorisation നുള്ള പ്രൊപ്പോസൽ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്മിറ്റി തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കുന്നതാണ്.

(സൈനിക ക്ഷേമ വകുപ്പിന്റെ 25-2-2020-ലെ SW3/167/2019/സൈ.ക്ഷേ.വ. നമ്പർ കത്ത്)

ഖണ്ഡിക 53

2235-60-200-82—അവശതയനുഭവിക്കുന്ന രണ്ടാം ലോക മഹായുദ്ധ യോദ്ധാക്കൾക്ക് ധനസഹായം

31-8-2017-ലെ സ. ഉ. (എംഎസ്.) നമ്പർ 289/17/പൊ.ഭ.വ. പ്രകാരം രണ്ടാം ലോകമഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകിവരുന്ന സാമ്പത്തിക സഹായം യഥാക്രമം 4,000 രൂപയിൽ നിന്നും 6,000 രൂപയായും 2,500 രൂപയിൽ

നിന്നും 6,000 രൂപയായും വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിരുന്നു. നിലവിൽ ജീവിച്ചിരിക്കുന്ന 192 രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും 1612 വിധവകൾക്കും 2020 മാർച്ച് മാസം വരെയുള്ള ധനസഹായം വിതരണം ചെയ്യുന്നതിനായി ആകെ 12.988 കോടി രൂപ ഈ സാമ്പത്തികവർഷം ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 2019-20 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 6.2886 കോടി രൂപയ്ക്ക് പുറമേ ഈ ശീർഷകത്തിൽ 6.7002 കോടി രൂപ കൂടി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അവശതയനുഭവിക്കുന്ന രണ്ടാം ലോക മഹായുദ്ധ യോദ്ധാക്കൾക്കും അവരുടെ വിധവകൾക്കും പ്രതിമാസ സാമ്പത്തിക സഹായം 6,000 രൂപ വീതം നൽകുന്നതിനായി 6.2886 കോടി രൂപ ഈ കണക്കിനത്തിൽ 2019-20 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. 11-11-2019-ലെ സ. ഉ. (കൈ.) നമ്പർ 31/2019/സൈ.ക്ഷേ.വ. പ്രകാരം പ്രസ്തുത ധനസഹായം പ്രതിമാസം 8,000 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ അധികമായി തുക അനുവദിക്കുന്നതിനുവേണ്ടി 2019-20-ലെ Ist Batch SDG-യിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രൊപ്പോസൽ 2019-20 സാമ്പത്തിക വർഷത്തെ അവസാന ക്വാർട്ടറിൽ സമർപ്പിക്കുന്നതിന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം 7,23,47,153 രൂപ (ഏഴ് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി നാല്പത്തി ഏഴായിരത്തി ഒരുനൂറ്റി അമ്പത്തി മൂന്ന് രൂപ മാത്രം) അധികമായി അനുവദിച്ചുനൽകുന്നതിന് വേണ്ടി Final Batch SDG-യിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(സൈനിക ക്ഷേമ വകുപ്പിന്റെ 25-2-2020-ലെ SW3/167/2019/സൈ.ക്ഷേ.വ. നമ്പർ കത്ത്)

<u>ഖണ്ഡിക 54</u>

2235-60-200-71—<u>ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം-ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്</u>

4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ്ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുക 12 കോടി 97 ലക്ഷം രൂപ ആകുന്നു. ഇതിൽ നിന്നും സൈനികക്ഷേമ വകുപ്പിന് 3 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇനിയും ഈ വകയിൽ ആംഡ് ഫോർസസ് ഫ്ലാഗ് ഡേ ഫണ്ടിലേക്ക് 9 കോടി 97 ലക്ഷം രൂപ ലഭിക്കുവാനുണ്ട്. ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റിൽ നിന്നും തുക ലഭ്യമാകാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നിന്നും നൽകി

വരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യം നിലനിൽക്കുകയാണ്. കൂടാതെ പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും പരിമിതിയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 9.97 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുക 12 കോടി 97 ലക്ഷം രൂപയാണ്. ആയതിൽനിന്ന് 3 കോടി രൂപ കഴിഞ്ഞ സാമ്പത്തിക വർഷം വരെ വകുപ്പിന് അനുവദിച്ചിരുന്നു. സമിതിയുടെ ശിപാർശ പരിഗണിച്ച് 19-11-2019-ലെ സ. ഉ. (എംഎസ്.) നമ്പർ 33/2019/സൈ.ക്ഷേ.വ. നമ്പർ ഉത്തരവ് പ്രകാരം ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ 1 കോടി രൂപ വകുപ്പിന് റിലീസ് ചെയ്ത് ലഭിച്ചിട്ടുണ്ട്. ബാക്കി 8 കോടി 97 ലക്ഷം രൂപ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സൈനിക ക്ഷേമ വകുപ്പിന്റെ 25-2-2020-ലെ SW3/167/2019/സൈ.ക്ഷേ.വ. നമ്പർ കത്ത്)

<u>അദ്ധ്യായം II</u>

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകൾ

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പട്ടികവർഗ്ഗ വികസനം | 6 മുതൽ 11 വരെ |
| 2 | പിന്നാക്കവിഭാഗ വികസനം | 12 മുതൽ 15 വരെ |
| 3 | സാമൂഹ്യനീതി | 17 മുതൽ 30 വരെ |
| 4 | വനിതാ ശിശു വികസനം | 31 മുതൽ 46 വരെ |
| 5 | പൊതുഭരണം | 50 |

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന റിപ്പോർട്ട് അതത് സാമ്പത്തിക വർഷാവസാനമോ അതുകഴിഞ്ഞുള്ള സഭാ സമ്മേളന കാലത്തോ

സമിതി ചെയർമാൻ സഭയിൽ സമർപ്പിക്കേണ്ടതാണ്, ഏതെങ്കിലും ശിപാർശയിന്മേലുള്ള മറുപടി വകുപ്പ് അയച്ചുതന്നിട്ടില്ലായെങ്കിൽ അതിനുള്ള കാരണം ബന്ധപ്പെട്ട വകുപ്പുമന്ത്രി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാ സമ്മേളനാരംഭത്തിലോ ഏതാണോ ആദ്യം അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ആയതിനാൽ 2019-20 സാമ്പത്തിക വർഷത്തെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഇനിയും നടപടി സ്വീകരിച്ചിട്ടില്ലാത്ത ശിപാർശകൾ സംബന്ധിച്ച വിവരം (അദ്ധ്യായം II) ഈ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാ സമ്മേളന കാലത്തോ ഏതാണോ ആദ്യം അപ്പോൾ ബന്ധപ്പെട്ട വകുപ്പുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

എ. കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2020 ജൂലൈ 24.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.